വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): മുഴവൻ കണക്കുകളും തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. കണക്കുകൾ തിട്ടപ്പെടുത്തിക്കഴിഞ്ഞതിനുശേഷമേ ബോണസ്സ് കൊടുക്കുകയുള്ളൂ. കണക്കുകൾ ഉടനെതന്നെ തിട്ടപ്പെടുത്തും.

ശ്രീ. അലക്സാണ്ടർ വാകയിൽ: കണക്കുകൾ തിട്ടപ്പെടുത്താൻ എന്താണിത്ര താമസമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കുകൾ പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഒരു ഓഡിറ്റുകൂടി ചെയ്യേണ്ടതുണ്ട്. അതുകൂടി കഴിഞ്ഞാലേ ബോണസ് കൊടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഓഡിറ്റിംഗ് എന്നു നടക്കും.

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ താമസംകൂടാതെതന്നെ ഓഡിറ്റിംഗ് പൂർത്തിയാകും.

ശ്രീ. ഇട്ടീര അയ്യക്കൻ: ഓഡിറ്റു ചെയ്യാത്ത കണക്കുകൾ അനുസരിച്ചാണോ ബഡ്ഡറ്റിൽ ലാഭം കൊള്ളിച്ചിട്ടുള്ളതു്.

Sri. T. K. Narayana Pillai: That is a matter of inference.

ശ്രീ. അലക്സാണ്ടർ വാകയിൽ: മേലാൽ ഒന്നുരണ്ടുതവണ കണക്കു തിട്ടപ്പെടുത്തി ഓഡിറ്റുചെയ്യാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഴും അതിലേക്കു ഏർപ്പാടുകൾ ഉണ്ടു്. ഒരു നിലക്കു് ഈ ചോദ്യത്തിനുതന്നെ വലിയ സാംഗത്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ കുറച്ചു താമസം വന്നുപോയി എന്നുമാത്രമേയുള്ളൂ.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര മാസത്തെ താമസം ഈ കാര്യത്തിൽ കൂടുതലായി ഉണ്ടായിട്ടുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കമ്പളശ്ശി–എഴുപുന്ന റോഡു്

* ൩൪൯. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ—

(എ) കമ്പളശ്ശി എഴുപുന്ന റോഡുപണിക്കു് എത്ര സംഖ്യയാണു് എസ്റ്റിമേറ്റു ചെയ്തിട്ടുള്ളതു്.

(ബി) ഇതിൽ എത്ര സംഖ്യ ചിലവാക്കി; പണി എത്രകണ്ടു പുരോഗമിച്ചു;

(സി) ൻ ൦ സെൻറ് സ്ഥലം പൊതുജനങ്ങൾക്കു യാതൊരു പ്രതിഫലവും കൂടാതെ ഗവൺമെണ്ടിലേക്കു വിട്ടുകൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൫൩,൦൦൦ രൂപാ.

(ബി) ഇതുവരെ ൨൭,൫ ൫ ൫ രൂപാ ചെലവാക്കിയിട്ടുണ്ടു്. ൨ മൈൽ ൩൨ ഫർലോംഗ് റോഡു പണി പൂർത്തിയാക്കിയിട്ടുണ്ടു്.

(സി) റോഡിനുവേണ്ട സ്ഥലം പ്രതിഫലംകൂടാതെ തരുന്നതിനു കക്ഷികളിൽനിന്നും രേഖാമൂലമുള്ള സമ്മതം കിട്ടിയിട്ടുണ്ടു്. സ്ഥലം ഇതുവരെ വിട്ടുകിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ വാകയിൽ: റോഡിന്റെ പണി എന്നു പൂർത്തിയാകുമെന്നാണു പ്രതീക്ഷിക്കുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗം പൂർത്തിയാക്കണമെന്നാണു വിചാരിക്കുന്നതു.

ശ്രീ ഈപ്പൻ അറയ്ക്കൽ: സ്ഥലം തരുന്നതിനു സമ്മതം കിട്ടിയിരിക്കുന്ന സ്ഥിതിക്കു് ഇനി വിട്ടു കിട്ടുന്നതിനു കാത്തിരിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു നിയമവശമാണു്. സ്ഥലം വിട്ടുതരാതെ നിവൃത്തിയില്ല. സമ്മതമുണ്ടെങ്കിൽതന്നെ അതൊരു കച്ചീട്ടിൻ പ്രകാരം വിട്ടുതരാതെ നിവൃത്തിയില്ല.

പെരിങ്ങൽകുത്തു പദ്ധതി

* ന ൪ ൦. (൨ ൭) സർദാർ ബഹദൂർ കെ. വി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിങ്ങൽകുത്തു പദ്ധതി എന്നു പൂർത്തിയാകുമെന്നും അതിൽനിന്നും എത്ര പവ്വർ കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു് എന്നും ദയവായി പറയാമോ;

(ബി) ചെങ്കുളം പദ്ധതി എന്നു പൂർത്തിയാകുമെന്നും അതിൽനിന്നും എത്ര പവ്വർ കിട്ടുമെന്നും ദയവായി പറയാമോ;

(സി) ഈ രണ്ടു പദ്ധതികളും തുടങ്ങിയതു് എന്നാണെന്നും ഓരോന്നിനും ഇതുവരെ എത്ര സംഖ്യ ചെലവു വന്നിട്ടുണ്ടെന്നും ഇനി എന്തു ചെലവു വീതം വരുമെന്നും പറയാമോ;

(ഡി) പെരിങ്ങൽകുത്തിന്റെ മുകൾഭാഗത്തു വേറെ ഒരു ഡാം കെട്ടുന്നതിനുള്ള പദ്ധതി ആലോചിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതു എപ്പോടെയാണെന്നും അതിനു എന്തു ചെലവു് വരുമെന്നും എത്ര പവ്വർ കിട്ടുമെന്നാണുദ്ദേശിക്കുന്നതെന്നും ദയവായി പറയാമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും, വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൫–നും ൧൯൫൮–നും ഇടയ്ക്കു, ൨൫,൦൦൦ കിലോവാട്സു് ആദ്യത്തെ സ്റ്റേജിലും,

(ബി) ൧൯൫൮–നും ൧൯൬൨–നും ഇടയ്ക്കു, ൨൫,൦൦൦ കിലോവാട്സും,

(സി) പെരിങ്ങൽകുത്തു പദ്ധതിക്കു് ൧൯൫൫–ൽ ജനുവരി ൧൯൫൨ വരെ ൨൫ ലക്ഷം രൂപാ ചെലവാക്കിക്കഴിഞ്ഞിട്ടുണ്ടു്. ആകെ ൨൫ ലക്ഷം രൂപയാണു് ആദ്യത്തെ സ്റ്റേജിലേക്കു് ഉദ്ദേശിക്കുന്നതു്. ചെങ്കുളം പദ്ധതി ൧൯൫൫–ൽ ൧൫ ലക്ഷം രൂപാ ചെലവാക്കിക്കഴിഞ്ഞിട്ടുണ്ടു്. ആകെ ൨൫൦ ലക്ഷംരൂപാ ചെലവുണ്ടെന്നാണു കണക്കാക്കിയിരിക്കുന്നതു്.

(ഡി) ഉണ്ടു്. പെരിങ്ങൽകുത്തിൽനിന്നും ഉദ്ദേശം ൧൫ മൈൽ മുകളിലേക്കു മാറിയാണു്. ഏകദേശം ൧൦ കോടി രൂപാ ചെലവു വരുമെന്നും ൧,൫൦,൦൦൦ കിലോവാട്സു് പവ്വർ കിട്ടുമെന്നുമാണു വിശ്വാസം

ശ്രീ. പി. എം. വർഗ്ഗീസു്. ഈ വലിയ പദ്ധതികൾ തിരഞ്ഞെടുത്തു പ്രവർത്തനം നടത്താതെ ചെറിയ പദ്ധതികൾ എടുത്തു പ്രവർത്തനം നടത്തുന്നതെന്താണു്?

(ഉത്തരം പറഞ്ഞില്ല)

LIBRARY ARCHIVES Kerala Legislative Assembly